**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3348** **13-07-2022 - ൽ മറുപടിയ്ക്ക്**

**പാർപ്പിട നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ സാഹചര്യത്തിനനുസരിച്ച് പാർപ്പിട നയം പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിനനുസരിച്ച് 2011 ലെ പാർപ്പിട നയം പരിഷ്കരിച്ച് കരട് തയ്യാറാക്കിയത് പരിശോധനയിലാണ്. |
| (ബി) | തോട്ടം മേഖലയിലും മറ്റ് ശോചനീയ സാഹചര്യങ്ങളിലും ജീവിക്കുന്നവർക്ക് സ്വന്തം വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിലുടനീളം ജോലി ചെയ്യുന്ന തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും തോട്ടം മേഖലയിലോ അതിനു സമീപത്തോ ശുചിത്വവും സുരക്ഷിതവുമായ പാർപ്പിട സൗകര്യവും നൽകുന്നതിനു തൊഴിൽ വകുപ്പ് 'ഭവനം' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്ക് സഹായകരമാകുന്ന തരത്തിൽ രാജ്യത്തെ ആദ്യ സംരംഭമെന്ന നിലയിൽ ദേശീയ ഭവന പാർക്ക് തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. ദേശീയ ഭവന പാർക്ക് നിർമ്മാണത്തിനായി 2022-2023 സാമ്പത്തിക വർഷം 2 കോടി രൂപ<br><br>വകയിരുത്തുകയും, നിർമ്മാണ പ്രവർത്തനങ്ങൾക്കായി തിരുവല്ലം വില്ലേജിൽ 6.90 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

1. **<u>ഭവനം പ്രോജക്ട് – ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം</u> – ഭവന രഹിതർക്ക് – മൂന്നാർ** അർഹതയുള്ള പത്തു ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് മൂന്നാറിലെ കെ.ഡി.എച്ച്. വില്ലേജിൽ ഒൻപത് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

2. **<u>ഭവനം പ്രോജക്ട് ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം</u> – ഭൂരഹിതർക്കും ഭവന രഹിതർക്കും (ആർ.പി.എൽ. പുനലൂർ)**
   കുളത്തുപ്പുഴയിലെ തിങ്കൾ കരിക്കം വില്ലേജിൽ ആർ.പി.എൽ. ന്റെ കൈവശമുള്ള അഞ്ച് ഏക്കർ സ്ഥലത്ത് കുളത്തുപ്പുഴ എസ്റ്റേറ്റിലുള്ള റിഹാബിൽറ്റേഷൻ പ്ലാൻറ്റേഷൻ ലിമിറ്റഡിനു വേണ്ടി ഭവനം പ്രോജക്ട് –ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ ബി.എഫ്.കെ. തീരുമാനിക്കുകയും ഘട്ടം ഒന്നായി നാൽപ്പത് ഭവനങ്ങളുടെ നിർമ്മാണം M/s കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. ഇരട്ട ഭവന മാതൃകയിൽ ആറ് ഭവനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് ആർ.പി.എൽ. നു കൈമാറി.

3. **<u>ഭവനം പ്രോജക്ട് – ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം</u> – ഭൂ രഹിതർക്കും ഭവന രഹിതർക്കും (മൂന്നാർ)** – ഭൂരഹിതരും ഭവന രഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ഭവനം പ്രോജക്ട് ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.